## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം. നം. 4967 — 04.07.2012- ൽ മറുപടിയ്ക്ക്

**ചോദ്യം** — **ഉത്തരം**

ശ്രീ. എം. ഹംസ

ശ്രീ. കെ.എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പു മന്ത്രി

2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ പദ്ധതികൾ

| | | |
|---|---|---|
| (എ) | 2011-12 സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര പദ്ധതികളാണ് പുതുതായി പ്രഖ്യാപിച്ചത് | 2011-12 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി അടങ്കലിൽ ഉൾപ്പെടുത്തിയിട്ടുള്ളതും പ്രസ്തുത വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പുതുതായി പ്രഖ്യാപിച്ചിട്ടുള്ളവയുമായി ഏകദേശം 200 ഓളം പുതിയ പദ്ധതികളാണുള്ളത്. |
| (ബി) | ഇതിൽ എത്ര പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കി; ഭാഗികമായി എത്ര പദ്ധതികൾ നടപ്പിലാക്കി; വിശദാംശങ്ങൾ നൽകാമോ; | 2011-12 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഭൂരിഭാഗം പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ, സാമൂഹ്യ ക്ഷേമ പെൻഷനുകൾ 400 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി, ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ, ബി.പി.എൽ കുടുംബങ്ങൾക്ക് ഒരു രൂപ നിരക്കിൽ ഭക്ഷ്യധാന്യം നൽകുന്നതിനുള്ള പദ്ധതി, കാൻസർ തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് ചികിത്സാ സഹായം നൽകുന്നതിനു വേണ്ടിയുള്ള കാരുണ്യ സഹായ നിധി, എൻഡോസൾഫാൻ ദുരിതബാധിതരായ കിടപ്പിലായ രോഗികൾക്ക് 5 ലക്ഷം രൂപാ വീതവും മറ്റു രോഗികൾക്ക് 3 ലക്ഷം രൂപാ വീതവും എൻഡോസൾഫാൻ മൂലം മരിച്ചവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപാ വീതവും നൽകുന്നതിനും ഉള്ള ഉത്തരവുകൾ തുടങ്ങിയവ നടപ്പിലാക്കിയ സുപ്രധാന |
| (സി) | നടപ്പിലാക്കിയെങ്കിൽ ഒരോന്നിന്റേയും പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ? | |

| | | |
|---|---|---|
| | | പദ്ധതികളാണ്. മറ്റുള്ളവയുടെ നിർവ്വഹണം വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ച് വരികയാണ്. ഇടുക്കി, മലപ്പുറം, കാസർഗോഡ്, പത്തനംതിട്ട എന്നീ ജില്ലകളിൽ മെഡിക്കൽ കോളേജുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന റോഡ് നവീകരണ പദ്ധതിക്ക് 200 കോടി 2011-12 ലെ ബജറ്റിൽ അനുവദിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 1000 കിലോമീറ്റർ റോഡുകളുടെ പുനരുദ്ധാരണത്തിന് ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ, കണ്ണൂർ ജില്ലയിലെ ചെറുപുഴ, മലപ്പുറം ജില്ലയിലെ എടവണ്ണ, കോട്ടയം ജില്ലയിലെ കുറുവിലങ്ങാട്, എരുമേലി, ഇടുക്കി ജില്ലയിലെ മുരിക്കാശ്ശേരി എന്നീ സ്ഥലങ്ങളിൽ ട്രഷറികൾ ആരംഭിക്കുവാനുള്ള ഭരണാനുമതി നൽകുകയും അതു സംബന്ധിച്ച തുടർ നടപടികൾ പുരോഗമിച്ചുവരുകയും ചെയ്യുന്നു. |

Rejani

സെക്ഷൻ ഓഫീസർ